

ദിദിമോസ്
കോട്ടപ്പുറം രൂപത ബുള്ളറ്റിൻ
നവംബർ 2024
ALL EYES on MUNAMBAM
നവംബർ ഒരു ഓർമ്മയുടെ ചിരാത്
മുനമ്പം – കടപ്പുറത്തേത് നീതിക്കു വേണ്ടിയുള്ള പോരാട്ടം
മോൺ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരി : മെത്രാഭിഷേകം

കോട്ടപ്പുറം രൂപതയിൽ നിന്നും
8–ാമത്തെ മെത്രാനായി തെരെഞ്ഞെടുക്കപ്പെട്ട
**മോൺ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരി** പിതാവിന്
അംബ്രോസ് പുത്തൻവീട്ടിൽ പിതാവിന്റെയും
കോട്ടപ്പുറം രൂപത മക്കളുടെയും എല്ലാവിധ
**പ്രാർത്ഥനാശംസകൾ** നേരുന്നു



FIDES SPES ET CARITAS



## മുഖമൊഴി

# സ്വർഗ്ഗത്തിന്റെ കിളിവാതിൽ

**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**"ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയിർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ."**

*കൊളോസോസ് 3 : 1*

Bergman- ന്റെ 'Seventh Seal' ചലചിത്രകാവ്യത്തിൽ അന്റോണിയസ് ബ്ലോക്ക് എന്ന കുരിശുയുദ്ധ ഭടൻ മരണവുമായി ചതുരംഗം കളിക്കുന്നു. ചതുരംഗത്തിലവൻ ജയിച്ചാൽ സ്വതന്ത്രനാക്കാം എന്നാണ് മരണം വാഗ്ദാനം നല്കുന്നത്. എന്നാൽ മരണത്തിന്റെ ചടുലനീക്കങ്ങൾക്കുമുന്നിൽ ഏറ്റവും കഴിവുറ്റ കരുനീക്കക്കാരനും തോറ്റുപോകുമെന്ന യാഥാർഥ്യം അനുഭവിച്ചറിയുന്ന അന്റോണിയസ് ചോദിക്കുന്നു: "നമുക്ക് കളി നിർത്തിയാലോ?" മരണം ചിരിച്ചുകൊണ്ട് പറയുന്നു: "ഒന്നും എന്നിൽ നിന്ന് രക്ഷപ്പെട്ടിട്ടില്ല, ആരും എന്നിൽ നിന്നു രക്ഷപ്പെട്ടിട്ടില്ല (Nothing escapes me, none escapes me...)

ഇതേ സിനിമയിൽ മരണത്തിൽ നിന്നു രക്ഷപ്പെടാൻവേണ്ടി ഒരാൾ മരത്തിൽ കയറുന്നു. അയാളുടെ ആശ്വാസമാർന്ന മുഖത്തിന്റെ ക്ലോസപ്പ് നാം കാണുമ്പോൾത്തന്നെ ഒരു സ്വരം കേൾക്കാം. ക്യാമറ താഴേക്കു ഫോക്കസ് ചെയ്യപ്പെടുമ്പോൾ അടുത്ത ദൃശ്യമായി നാം കാണുന്നത് മരണം മഴുകൊണ്ട് മരം മുറിക്കുന്നതാണ്. ശരിയാണ് – No one escapes death.



ആത്യന്തികമായ വിജയം മരണത്തിന്റെതല്ല നിത്യജീവിതത്തിന്റെതാണ് എന്ന് നമ്മെ ഓർമിപ്പിക്കുവാനായി ഒരു നവംബർ മാസംകൂടെ. വിശുദ്ധ പൗലോസ് അപ്പസ്തോലൻ 'മരണമേ നിന്റെ വിജയം എവിടെ, വിഷ ദംശനം എവിടെ' എന്ന് തന്റെ വചനത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നതും മരണത്തിനപ്പുറത്ത് നിത്യജീവൻ ഒരുക്കി കാത്തിരിക്കുന്ന ദൈവത്തെ കുറിച്ചാണ്. നിത്യജീവന്റെ വെളിച്ചത്തെക്കുറിച്ചുള്ള സ്വപ്നങ്ങളാണ് ക്രിസ്തുവിനെ അനുഗമിക്കുന്ന ഓരോ മനുഷ്യനെയും നയിക്കുന്നത്.

***"രണ്ടു നാണയത്തുട്ടുകൾക്കു പകരം മഹാജ്ഞാനം പകർന്നു തരാം."***
ആളുകൾ തിങ്ങിക്കൂടി. മുന്നിലെത്തിയ ഒരോ വ്യക്തിയോടും ഡയോജനിസ് പറഞ്ഞു:
***"പരമമായ ജ്ഞാനം ഇതാണ്- ഓരോ കാര്യം ചെയ്യുമ്പോഴും***
***നിന്റെ അന്ത്യം ഓർത്തുകൊണ്ട് ചെയ്യുക."***

ദൈവത്തിലും മരണാനന്തര ജീവിതത്തിലുമുള്ള പ്രത്യാശയാണ് നമ്മെ എല്ലാവരെയും മുന്നോട്ടു നയിക്കുന്നത്. കൂടുതൽ തീക്ഷ്ണതയോടെ മരണാനന്തര ജീവിതത്തെപ്പറ്റി ധ്യാനിക്കുവാനും നമ്മിൽ നിന്ന് വേർപിരിഞ്ഞ് മരണത്തിന്റെ കവാടത്തിലൂടെ നിത്യജീവനിലേക്ക് പ്രവേശിക്കുവാനും മാലാഖമാരുടെ കൈപിടിച്ച് സ്വർഗ്ഗത്തെ നോക്കി യാത്രയായ നമ്മുടെ പ്രിയപ്പെട്ടവരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഈ നവംബർ മാസം നമ്മെ സഹായിക്കട്ടെ. അങ്ങനെ മരണ ചിന്തയുടെ ഭയപ്പെടുത്തുന്ന ചങ്ങല കണ്ണികൾ പൊട്ടിച്ചെറിഞ്ഞുകൊണ്ട് സങ്കീർത്തകനൊപ്പം പ്രത്യാശയോടെ നമുക്കും ഏറ്റു പാടാം...

**'മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണു**
**ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല;**
**അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു'**





*വിമോചനം കർത്താവിൽ നിന്നാണ്; അവിടുത്തെ അനുഗ്രഹം*
*അങ്ങയുടെജനത്തിൻമേൽ ഉണ്ടാകുമാറാകട്ടെ!*
സങ്കീർത്തനങ്ങൾ 3 : 8

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ നവംബർ 2024

**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**

ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
നവംബർ ഒരു ഓർമ്മയുടെ ചിരാത് ...................... 4

കരുണ .................................................. 5

മുനമ്പം – കടപ്പുറത്തേത് നീതിക്കു വേണ്ടിയുള്ള പോരാട്ടം ................................................. 6

സത്യത്തിൻ പാതതെളിച്ചൊരിടയൻ ...................... 9

മോൺ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരി : മെത്രാഭിഷേകം 10

*കറുപ്പ്*
മരണത്തിന്റെ ആയിരം മുഖങ്ങൾ ....................... 12

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
പരിശുദ്ധ മറിയവും സഭയുടെ പ്രബോധനങ്ങളും ..... 14

*അയൽക്കൂട്ടം*
പ്രത്യാശയോടെ സ്നേഹത്തിലേക്ക്... .................. 15

രൂപത വാർത്തകൾ ..................................... 18

പിതാവിന്റെ ഡയറി – നവംബർ 2024.................. 22

*പിൻമൊഴി*
മുനമ്പം : വഖഫ് അധിനിവേശത്തെ ചെറുക്കുക ...... 23

# നവംബർ ഒരു ഓർമ്മയുടെ ചിരാത്



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**മ**നുഷ്യനെ മനുഷ്യനാക്കി മാറ്റുന്നത് ഓർമ്മയുടെ ഒരു ബോധമണ്ഡലം നമുക്കുള്ളതിനാലാണ്. ഓർമ്മയുടെ ഓളങ്ങളെ തഴുകുവാനുള്ള ഒരു വലിയ സമയമാണ് നവംബർ മാസം. എന്തൊക്കെയാണ് നമുക്ക് ഓർമ്മിക്കാൻ ഉള്ളത് ?

ഒന്നാമതായി, വേർപെട്ടുപോയവരെ നമ്മൾ ഓർക്കുന്നു. നമ്മെ ഒരുപാട് സ്നേഹിച്ചു നമ്മുടെ കൂടെ ആയിരുന്ന് നമുക്കുവേണ്ടി ജീവിച്ച നമ്മുടെ ബന്ധുമിത്രാദികളെ നമ്മൾ ഓർക്കുമ്പോൾ നാം അവരെയൊക്കെ ബഹുമാനിക്കുകയാണ്. ഈ ലോകജീവിതത്തിൽ നമ്മുടെ ഏറ്റവും വലിയ ബലമായി നമ്മുടെ എല്ലാമായിരുന്നവർ, നമുക്കുവേണ്ടി അവർ നൽകിയ ആ നല്ല നാളുകളെ ഓർക്കുന്ന വലിയ സമയമായിത്തന്നെ ഇതിനെ കാണാം. വേദനയുടെ നടുവിലും നമുക്കുവേണ്ടി മധ്യസ്ഥം വഹിക്കുവാൻ ഒരു മഹാപുരോഹിതൻ സ്വർഗ്ഗത്തിൽ ഉണ്ട് എന്ന് ഹെബ്രായർക്ക് എഴുതിയ ലേഖനം നാലാം അധ്യായം 14-15 ൽ ക്രിസ്തുവിനെ കുറിച്ചുള്ള ഓർമ്മ നമ്മെ ശക്തിപ്പെടുത്തുന്നു. നമ്മുടെ ബലഹീനതകളെയും നമ്മുടെ മരണത്തെയും പാപത്തെയും ദുഃഖങ്ങളെയും മായിച്ചു കളയുവാൻ ശക്തിയുള്ള ഒരു മഹാപുരോഹിതൻ നമുക്കുണ്ടെന്നുള്ളത് നമ്മുടെ വേദനയുടെ നടുവിലും നമുക്ക് ആശ്വാസത്തിന്റെ വലിയ ഒരു കൈത്താങ്ങ് ആണ്.

രണ്ടാമതായി, ഓർമ്മ പ്രതീക്ഷയുടെ ആഘോഷമാണ്. ഓർമ്മകളാണ് നമ്മുടെ എല്ലാ ആഘോഷങ്ങൾക്കും അടിസ്ഥാനം. വിശുദ്ധ പൗലോസ് അപ്പോസ്തലൻ തെസലോനിയക്കാർക്ക് എഴുതിയ ഒന്നാം ലേഖനം രണ്ടാം അധ്യായത്തിൽ നമ്മൾ വായിക്കുന്നു: പ്രത്യാശയില്ലാത്ത ജനതകളെപ്പോലെ നിങ്ങൾ ദുഃഖിക്കരുതെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. പ്രത്യാശയാണ് നമ്മെ നിരാശയില്ലാതെ മുന്നോട്ടു നയിക്കുവാൻ, ശക്തിയോടെ ജീവിക്കുവാൻ അനുവദിക്കുന്നത്. മരിച്ചുപോയവർ തിരിച്ചുവരുമോ എന്ന ചോദ്യത്തിനു മുൻപിൽ മരിച്ചുപോയവർ തീർച്ചയായും ദൈവസന്നിധിയിൽ ഒരുമിച്ച് വരുമെന്നുള്ള വലിയ വിശ്വാസമാണ് നമ്മെ ഓരോരുത്തരെയും കത്തോലിക്കരാക്കി മാറ്റുന്നത്. ഈ ലോക ജീവിതം കടന്നുപോയാൽ ദൈവത്തിൻറെ അടുത്ത് നമുക്ക് ഒരു ആലയം ഉണ്ടെന്നുള്ള വലിയ വിശ്വാസം, ഈ വിശ്വാസത്തിലാണ് നമ്മളെല്ലാവരും മാമോദിസ സ്വീകരിച്ചുകൊണ്ട് വിശ്വാസം ഏറ്റുപറ



*കർത്താവേ, എന്റെ ശത്രുക്കൾ അസംഖ്യമാണ്;
അനേകർ എന്നെ എതിർക്കുന്നു.*
സങ്കീർത്തനങ്ങൾ 3 : 1

ഞ്ഞത്. പ്രത്യാശയില്ലാത്ത ജനത ജീവനില്ലാത്തവരെ പോലെയാണ്. നമ്മെ സ്നേഹിച്ചുകൊണ്ട് കടന്നുപോയവർ ദൈവസന്നിധിയിൽ തിരിച്ചുവരും എന്നുള്ള പ്രത്യാശയോടെ ആയിരിക്കുന്ന വിശ്വാസം, ഇതാണ് നമ്മെ എല്ലാവരെയും ദൈവിക പുണ്യങ്ങൾ ഉള്ളവരാക്കി മാറ്റുന്നത്. ആയതിനാൽ നവംബർ മാസം ഓർമ്മയുടെയും പ്രത്യാശയുടെയും ആഘോഷമാണെന്ന് വേണം പറയാൻ.

മൂന്നാമതായി, നമ്മുടെ ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് തന്നെ ചിന്തിക്കുവാനുള്ള സമയമാണ് നവംബർ മാസം. ഈ ഭൂമിയിലെയ്ക്കു കടന്നുവന്ന നമ്മൾ ഒന്നുമില്ലാതെ ആണല്ലോ വന്നത്. തിരിച്ചു പോകുമ്പോഴും ഒന്നും തന്നെ കൊണ്ടുപോകുവാൻ ആവില്ല എന്നതും ജീവിതത്തിന്റെ നശ്വരതയെ കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നു. യാത്രയ്ക്ക് പോകുന്ന ശിഷ്യന്മാരോട് ഒന്നും തന്നെ എടുക്കേണ്ട എന്ന് പറയുന്ന ഈശോയുടെ ഓർമ്മപ്പെടുത്തൽ നമ്മുടെ ജീവിതത്തിൽ ഒന്നും തന്നെ നാം സൂക്ഷിച്ചുവയ്ക്കേണ്ടവരല്ല, നമുക്കുവേണ്ടി മാത്രമായി ഒന്നും കരുതി വയ്ക്കേണ്ടതില്ല എന്ന് ഓർമ്മപ്പെടുത്തുമ്പോൾ നമ്മുടെ ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് വലിയ ഒരു ഓർമ്മപ്പെടുത്തലും നവംബർ മാസത്തിൽ ഉണ്ട്. ജീവിതത്തിലെ തീർത്ഥാടകരാണ് നമ്മൾ എന്ന ബോധ്യം ഉണ്ടെങ്കിൽ ഒന്നും തന്നെ സ്വരുക്കൂട്ടുവാനും അതിനുവേണ്ടി കലഹിക്കുവാനും നമ്മൾ ഒരിക്കലും സമയം കളയില്ല. ബന്ധുജനങ്ങളെയും സ്വന്തം സഹോദരങ്ങളേയും തട്ടി മറിക്കുന്ന രീതിയിലുള്ള പടലപ്പിണക്കങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ നമ്മൾ നശ്വരരാണെന്ന് കാര്യം മറന്നു പോവുകയാണ് എന്നുള്ള വലിയ ഓർമ്മപ്പെടുത്തലും നവംബർ മാസത്തിന്റെ പ്രത്യേകതയാണ്.

# കരുണ



**മിനി ടോമി**
സെന്റ് ജോർജ് ചർച്ച്,
മടപ്ലാതുരുത്ത്

**കാ**രുണ്യമേ നിൻമുഖ മുറിവുകൾ
എന്നോടുള്ള സ്നേഹത്തിൻ ആഴമാണല്ലോ
എത്ര ദൂരേക്ക് മാറിയാലും
നിഴലായ് പിൻതുടരും സ്നേഹം
എന്നുമെന്നെ മാറോടു ചേർക്കുവാനായണയുന്നു
നിൻ ഹൃദയത്തോടു ചേർക്കുമ്പോഴും
ഞാൻ നിന്റെ ഹൃദയ മുറിവുകൾക്ക്
ആഴം കൂട്ടുകയാണല്ലോ
ഒന്നായിരിക്കാനും ഒപ്പമായിരിക്കാനും
വേദന ഒന്നുമേ നീ ഓർക്കാറില്ലല്ലോ നാഥാ....
വെറും മണ്ണായ ദേഹം മണ്ണിലലിയുവോളം
നിൻ കരുണയാൽ എന്നെ കരുതീടേണമേ
നിൻ സ്തുതികളാൽ എൻ ഹൃദയമെന്നും തുടിക്കുവാൻ
കനിവാർന്നു നൽവരം നൽകിടേണേ... നാഥാ...
കനിവാർന്നു നൽവരം നൽകീടേണേ.




# മുനമ്പം – കടപ്പുറത്തേത് നീതിക്കു വേണ്ടിയുള്ള പോരാട്ടം

**ദിദിമോസ് ന്യൂസ് സർവ്വീസ്**

## പ്രശ്നത്തിന്റെ നിജസ്ഥിതി

വഖഫ് ബോർഡിന്റെ അന്യായമായ അവകാശവാദത്തെ തുടർന്ന് തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന മുനമ്പം - കടപ്പുറം പ്രദേശത്തെ ജനങ്ങളുടെ ഭൂമിക്കുമേലുള്ള റവന്യൂ അവകാശങ്ങൾ പുന:സ്ഥാപിക്കാനും നീതിലഭ്യമാക്കാനും കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സത്വരം ഇടപെടണമെന്ന് ആവശ്യപ്പെട്ട് അറുന്നൂറ്റിപത്തോളം വരുന്ന ആധാര ഉടമകൾ നീതിക്കു വേണ്ടിയുള്ള റിലേ നിരാഹാര സമരത്തിലാണ്.

കടപ്പുറം വേളാങ്കണ്ണി മാതാ ദേവാലയവും വൈദീക മന്ദിരവും സിമിത്തേരിയും കോൺവെന്റും രണ്ട് ക്ഷേത്രങ്ങളും ഉൾപ്പെടെ ഈ പ്രദേശത്തെ 610 ഓളം വരുന്ന കുടുംബങ്ങളുടെ റവന്യൂ അവകാശങ്ങൾ തടഞ്ഞു വയ്ക്കപ്പെട്ടിരിക്കുന്ന അവസ്ഥയാണ്.

ഇപ്പോൾ വഖഫ് ബോർഡിന്റെ അന്യായമായ നീക്കങ്ങളുടെ ഫലമായി ഈ പ്രദേശത്ത് താമസിക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് ജീവിത ആവശ്യങ്ങൾക്ക് ഭൂമി ഈട് വെച്ച് പണം കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയാണ്. കുട്ടികളുടെ പഠനം, വിവാഹം, ഭവന നിർമ്മാണം മുതലായ അടിസ്ഥാന ആവശ്യങ്ങൾ വഴിമുട്ടി നിൽക്കുന്നു. ആവശ്യങ്ങൾ നടക്കാൻ മറ്റു മാർഗ്ഗങ്ങളില്ലാത്തതിനാൽ കൊള്ള പലിശ കൊടുത്ത് പണം കടം വാങ്ങാൻ തദ്ദേശവാസികൾ നിർബന്ധിതരാവുകാണ്.

## ഭൂമിയുടെ ചരിത്രം

ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ചരിത്രം ആരംഭിക്കുന്നത് 1902 ൽ തിരുവിതാംകൂറിലെ ആയില്യം തിരുനാൾ മഹാരാജാവ്, അബ്ദുൾ സത്താർ മുസ്സ സേഠു വിന് തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന ഭൂമി ഒഴിവാക്കി 404 ഏക്കർ സ്ഥലം കാർഷിക ആവശ്യത്തിനായി പാട്ടത്തിന് നൽകുന്നതോടെയാണ് .

1948 ൽ സത്താർ സേഠിന്റെ പിന്തുടർച്ചാവകാശിയായ സിദ്ധിഖ് സേഠ് ഇടപ്പിള്ളി സ



ബ് രജിസ്ട്രാഫീസിൽ നിന്നും ഈ ഭൂമി രജിസ്റ്റർ ചെയ്തു വാങ്ങി. കടൽ ഭിത്തി ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ കടൽകയറി ഭൂമി നഷ്ടപ്പെട്ട് വെറും 114 ഏക്കർ ഭൂമിയും 60 ഏക്കർ വെള്ളവും മാത്രമായി ഈ 404 ഏക്കർ സ്ഥലം ചുരുങ്ങി. 50 വർഷങ്ങൾക്കിടയിൽ ഈ മേഖലയിൽ പലഭാഗങ്ങളിലും കടലേറ്റമുണ്ടാവുകയും ഭൂമി കടൽ കയറി നഷ്ടമാക്കുകയും ചെയ്തിരുന്നു. പ്രത്യേകിച്ച് 1934ൽ ഉണ്ടായ ശക്തമായ കാലവർഷവും കടൽ ക്ഷോഭവും 'പണ്ടാരക്കടപ്പുറം' എന്നറിയപ്പെട്ടിരുന്ന കടപ്പുറത്തെ പൂർണമായി ഇല്ലാതാക്കി. മഹാരാജാവ് സേട്ടിന് പാട്ടത്തിന് നൽകിയിരുന്ന ഭൂമിയിൽ വലിയൊരു ഭാഗം അവിടെയായിരുന്നു. എങ്കിലും പിൻതുടർച്ചാവകാശി രജിസ്റ്റർ ചെയ്തു വാങ്ങിയ ഭൂമിയിൽ പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ പുരയിടങ്ങളും ഉൾപ്പെട്ടു.

ഇവരിൽ 14 കുടിയാൻമാർക്ക് സേഠ് പറവൂർ തഹസിൽദാറിൽ നിന്നും കുടിയാൻ സർട്ടിഫിക്കറ്റ് വാങ്ങിക്കൊടുത്തു. എന്നാൽ 1950 നവംബർ ഒന്നിന് ഈ ഭൂമി സകല വിധ ക്രയവിക്രയ സ്വാതന്ത്ര്യത്തോടും കൂടി സിദ്ദിഖ് സേഠ് ഫാറൂഖ് കോളേജിന് ദാനമായി നൽകി.

ഫറൂഖ് കോളേജ് 1951 ൽ ഈ ഭൂമിക്ക് പട്ടയം വാങ്ങുകയും ഉടമസ്ഥാവകാശം ഉറപ്പിക്കുകയും ചെയ്തു. തുടർന്ന് ഇതുമായി ബന്ധപ്പെട്ട് സ്വദേശികളായ മത്സ്യത്തൊഴിലാളികളുമായി 34 വർഷം ഫറൂഖ് കോളേജ് വിവിധ കോടതികളിൽ ഈ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് കേസ് നടത്തി. കുടിയാം സംഘം രൂപീകരിച്ച് സ്ഥലവാസികളും കേസുമായി മുന്നോട്ടു പോയി അതിനെ പ്രതിരോധിക്കാൻ ശ്രമിച്ചു. എന്നാൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് 1975 ൽ ഈ ഭൂമി ഫറൂഖ് കോളേജിന്റേതാണെന്ന് വിധിച്ചു. അതിനാൽ 1989 മുതൽ ഇവിടത്തെ താമസക്കാർ ഫറൂക്ക് കോളേജിൽ നിന്നും അന്നത്തെവില കൊടുത്തു ഭൂമി തീറുവാങ്ങി ആധാരം പോക്കുവരവ് ചെയ്ത് താമസിച്ചു വന്നു.

**വഖഫ് അവകാശവാദം**

2007 ൽ എം.എ നിസാർ കമ്മീഷൻ 404 ഏക്കർ ഭൂമി വഖഫ് ബോർഡിന്റേതാണെന്ന് റിപ്പോർട്ട് ചെയ്തു.വഖഫ് സംരക്ഷണ സമിതി 2008 ൽ മുനമ്പം – കടപ്പുറത്തെ 404 ഏക്കർ ഭൂമി വഖഫ് ഭൂമിയാണെന്ന അവകാശവാദം ഉന്നയിച്ചു. 2012 ൽ വഖഫ് സംരക്ഷണ സമിതി ഇതുമായി ബന്ധപ്പെട്ട് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ കേസ് കൊടുത്തു. 2016 നവംബർ 24 ന് വഖഫ് ബോർഡിനനകൂലമായ വിധിയുണ്ടായി. സ്ഥലവാസികൾ ഇക്കാര്യം അറിഞ്ഞില്ല. ഫറൂക്ക് കോളേജ് തദ്ദേശവാസികൾക്ക് വിറ്റ 114 ഏക്കർ ഭൂമിയും 60 ഏക്കർ വെള്ളവും അവർക്ക് വിൽക്കാനുള്ള അവകാശമില്ല എന്ന് വഖഫ് ബോർഡ് ഇതിനിടയിൽ വാദിച്ചു. 2019 ൽ 404 ഏക്കർ ഭൂമി വഖഫ് ബോർഡ് അതിന്റെ ആസ്ഥി വിവര കണക്കുകളിൽ എഴുതിച്ചേർക്കുകയും ചെയ്തു. അപ്പോഴും കടപ്പുറത്തെ താമസക്കാർ ഈ വിവരം അറിഞ്ഞിരുന്നില്ല അല്ലെങ്കിൽ ഉത്തരവാദിത്വപ്പെട്ടവർ നിയമാനുസൃതമായി അറിയിച്ചുമില്ല.

കടപ്പുറത്തെ താമസക്കാരിലൊരാൾ 2022 ജനുവരി 13 ന് വില്ലേജ് ഓഫീസിൽ കരം അടക്കാൻ എത്തിയപ്പോഴാണ് പ്രശ്നം ഉടലെടുക്കുന്നത്. കരം അടക്കാൻ കഴിയില്ലെന്നും അത് വഖഫ് ബോർഡിന്റെ ആസ്ഥി വിവര കണക്കുകളിൽപ്പെട്ട സ്ഥലമാണെന്നും പറഞ്ഞ് അയാളെ മടക്കി വിട്ടു. പിന്നീട് ഇക്കാര്യത്തിലുള്ള സ്ഥിരീകരണത്തിനായി വിവരാവകാശ നിയമപ്രകാരം അപേക്ഷ കൊടുത്തപ്പോൾ കിട്ടിയ മറുപടിയിൽ നിന്നാണ് പ്രശ്

നത്തിന്റെ ആഴം കടപ്പുറത്തെ പാവപ്പെട്ട ജന ങ്ങൾ തിരിച്ചറിയുന്നത്. ഈ അവസ്ഥയിൽ തദ്ദേശവാസികൾ ഒരുമിച്ചു കൂടി തങ്ങളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്ന തിനും നീതി ലഭ്യമാകുന്നതിനുമായി 2022 ഫെ ബ്രുവരിയിൽ ഭൂസംരക്ഷണ സമിതി സ്ഥാ പിച്ചു.

ഇതിനിടയിൽ കടപ്പുറത്തെ താമസക്കാർ ക്ക് കരം അടക്കാൻ കഴിയാതെ വന്നപ്പോൾ കെ.എൻ ഉണ്ണികൃഷ്ണൻ എംഎൽഎ ഇടപെ ട്ട് ചർച്ച നടത്തി കരം അടക്കാനുള്ള സംവി ധാനമൊരുക്കി കൊടുത്തു. ഇതറിഞ്ഞ് വിവി ധ മുസ്ലീം സംഘടനകൾ അന്യായമായി സർ ക്കാർ കരം അടക്കാൻ അനുവദിച്ചു എന്നു പ റഞ്ഞ് സമരം നടത്തുകയും വഖഫ് സംരക്ഷ ണ സമിതി അതിനെതിരെ കേസിന് പോകു കയും ചെയ്തു. ഇങ്ങനെയൊക്കെ നടക്കുന്ന തിനിടയിൽ തദ്ദേശവാസികളിലൊരാളായ ജോസ് പോൾ കരം അടച്ച് കിട്ടാത്തതിനെ തിരെ കേസിനു പോയി. അതിന്റെ ഫലമാ യി ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ക രം അടക്കാനും പോകുവരവു നടത്താനുമൊ ക്കെയുള്ള അനുകൂലമായ വിധി സമ്പാദി ക്കാൻ സാധിച്ചു. അതിനെതിരായി വഖഫ് സംരക്ഷണ സമിതി ഹൈക്കോടതി ഡിവി ഷൻ ബഞ്ചിൽ കേസുകൊടുത്തു. അതേതു ടർന്ന് 2022 ഡിസംബർ 27 ന് ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഉത്തരവ് ഡിവിഷൻ ബ ഞ്ച് സ്റ്റേ ചെയ്തു.

**എന്തുകൊണ്ട് വഖഫ് അല്ല**

ഫറൂക്ക് കോളേജ് ഇല്ലാതെ വരികയും ഭൂ മി അവശേഷിക്കുകയും ചെയ്യുന്ന സാഹച ര്യത്തിൽ സേഠിന്റെ പിൻതുടർച്ചാവകാശികൾ ക്ക് ഭൂമി തിരികെ കൊടുക്കണം എന്ന നിബ ന്ധനയോടുകൂടിയ (conditional) ആധാരമാണ് സേഠ് ഫറൂഖ് കോളേജിന് നൽകിയിരുന്നത്. ഇങ്ങനെ നിബന്ധനയോടുകൂടിയ ആധാരം വഖഫ് ആകില്ല എന്നാണ് കടപ്പുറത്തെ ജന ങ്ങൾ ഉന്നയിക്കുന്നത്. യാതൊരു നിബന്ധ നയുമില്ലാതെ സംപൂർണ്ണമായി സമർപ്പിച്ചാൽ മാത്രമേ അത് വഖഫ് ആകു എന്ന് അവർ വാദിക്കുന്നു. ഈ ആധാരത്തിൽ അറിഞ്ഞോ അറിയാതെയോ 'വഖഫ് ' എന്ന വാക്ക് ഉപ യോഗിച്ചിട്ടുണ്ട്. ഇതൊന്നും വഖഫ് ബോർ ഡിന് അവകാശമുന്നയിക്കാനുള്ള ന്യായീക രണമാകുന്നില്ല എന്നാണ് തദ്ദേശീയരുടെ പ ക്ഷം.

1950 നവംബർ ഒന്നിന് സിദ്ദിഖ് സേഠ് ഫാ റൂഖ് കോളേജിന് ദാനം നൽകിയതാണ് ഈ ഭൂമിയെന്ന ഹൈക്കോടതി ഡിവിഷൻ ബെ ഞ്ചിന്റെ 1975ലെ വിധി ഇതുവരെയും ചലഞ്ച് ചെയ്യപ്പെട്ടിട്ടില്ല. എല്ലാവിധ ക്രയവിക്രയ അ ധികാരത്തോടു കൂടിയാണ് ഭൂമി നൽകപ്പെട്ട തെന്ന് രേഖകളും സാക്ഷ്യപ്പെടുത്തുന്നു. അ ങ്ങനെയുള്ള ഭൂമിയാണ് മുനമ്പം – കടപ്പുറം നിവാസികൾ വിലകൊടുത്തു വാങ്ങിയത്. അ തുകൊണ്ട് അത് എങ്ങനെ വഖഫാകും എ ന്ന തദ്ദേശവാസികളുടെ വാദം യുക്തിസഹ മാണ്.

അതുപോലെ 2019 ൽ ഈ ഭൂമി വഹഫ് ബോർഡിന്റെ ആസ്തിവിവരപ്പട്ടികയിൽ എ ഴുതി ചേർത്തപ്പോൾ നിയമാനുസൃതമായ കാ ര്യങ്ങളൊന്നും നിർവഹിക്കപ്പെട്ടിട്ടില്ല . ഉടമ സ്ഥർക്ക് നോട്ടീസ് കൊടുത്ത് സർക്കാർ സർ വ്വേയർഅളന്ന് തിട്ടപ്പെടുത്തണം എന്ന വ്യവ സ്ഥ പാലിക്കപ്പെട്ടില്ല. 2022ൽ തദ്ദേശവാസി കളിൽ ഒരാൾ വില്ലേജ് ഓഫീസിൽ കരമടയ് ക്കാൻ പോയപ്പോൾ തടസ്സം നേരിട്ടതിൽ നി ന്ന് മാത്രമാണ് പ്രശ്നത്തെക്കുറിച്ച് ജനങ്ങൾ അറിഞ്ഞത്.

ഈ ഭൂമി ഒരുതരത്തിലും വഹഫ് ഭൂമി അല്ലെങ്കിലും വെറും വാദത്തിനുവേണ്ടി അങ്ങനെയാണെന്നു സങ്കൽപ്പിച്ചാൽ പോലും അതിലുള്ള യുക്തിയില്ലായ്മ നമുക്ക് മനസ്സിലാകും.ഈ ഭൂമി തദ്ദേശവാസികൾക്ക് വിറ്റപ്പോൾ ഫാറൂഖ് കോളേജിന് പണം ലഭിച്ചിട്ടുണ്ട് .അതുപയോഗിച്ച് കോളേജ്, കെട്ടിടവും പണിതിട്ടുണ്ട്. ‘മുനമ്പം എസ്റ്റേറ്റ്’ എന്നായിരുന്നു കെട്ടിടത്തിന്റെ ആദ്യത്തെ പേരെങ്കിലും ‘സീദി സാഹിബ് മെമ്മോറിയൽ ബിൽഡിംഗ് എന്ന് അതിന് പുനർനാമകരണം നടത്തിയിട്ടുണ്ട്. ഭൂമി വിറ്റ് കിട്ടിയ പണംകൊണ്ട് പണിത കെട്ടിടം അല്ലേ യുക്തിപൂർവ്വം ചിന്തിച്ചാൽ വഹഫ് ആയി മാറേണ്ടത് എന്നാണ് തദ്ദേശവാസികളുടെ ചോദ്യം.

ഇന്നത്തെ സാഹചര്യത്തിൽ കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച വഖഫ് നിയമ ഭേദഗതി ബിൽ മുൻകാല പ്രാബല്യത്തോടെ പാസാക്കിയാൽ മാത്രമേ മുനമ്പം – കടപ്പുറം പ്രദേശത്തെ ജനങ്ങൾക്ക് വഖഫ് നിയമത്തിന്റെ പരിധിയിൽ നിന്ന് മോചിതരാകാനാകൂ. അല്ലെങ്കിൽ ഹൈക്കോടതിയിൽ നിലനില്ക്കുന്ന കേസിൽ പ്രദേശവാസികൾക്ക് അനുകൂലമായ വിധിയുണ്ടാകണം. അതുമല്ലെങ്കിൽ സംസ്ഥാന സർക്കാർ ഇടപെട്ട് പ്രശ്നത്തിന് സത്വരപരിഹാരമുണ്ടാക്കണം.

# സത്യത്തിൻ പാതതെളിച്ചൊരിടയൻ

**എം. ജെ ഷാജൻ, ഗോതുരുത്ത്**



**പാ**പിയെതേടി പാരിലുദിച്ചൊരു
പാലകനേശുവേ നന്മസ്വരൂപാ
കന്യക മേരിയിൽ നിന്നും പിറന്നൊരു
കരുണാമയനേ ദൈവകുമാര

മന്നിൽ മക്കൾക്കൊരു രക്ഷകൻ നീ
വിണ്ണിൻ മക്കൾക്കൊരു ന്യായാധിപൻ
സ്നേഹത്തിൻ വിത്തുവിതച്ചൊരു കർഷകൻ
സത്യത്തിൻ പാതതെളിച്ചൊരിടയൻ


പാപികൾക്കെന്നും പരിഹാരകൻ നീ
രോഗികൾക്കെന്നും വൈദ്യനും നീ
ഇരുട്ടിലുഴലുമീ നിൻമക്കളെ എന്നും
വെളിച്ചം നൽകി നയിച്ചവനെ

അദ്ധ്വാനിക്കുന്നവർക്കു നീ സഹായകൻ
ഹൃദയം നുറുങ്ങിയവർക്കാശ്വാസകൻ
സ്വജീവൻപോലും മർത്യരക്ഷയ്ക്കായി
യാഗമായ് നൽകിയോരിടയൻ നീ

# മോൺ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരി :

# മെത്രാഭിഷേകം

## നവംബർ 10 ന്






മോൺ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരിയുടെ മെത്രാഭിഷേകം നവംബർ 10 ന് വൈകീട്ട് മൂന്നിന് കണ്ണൂർ ബർണ്ണശ്ശേരി ഹോളി ട്രിനിറ്റി കത്തീഡ്രൽ അങ്കണത്തിൽ നടക്കും. റോമിലെ പൊന്തിഫിക്കൽ എക്ലേസിയാസ്റ്റിക്കൽ അക്കാദമ പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. സാൽവത്തോരെ പെനാക്കിയോ മുഖ്യകാർമ്മികത്വം വഹിക്കും. ബോംബെ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസും വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിലും മുഖ്യസഹകാർമ്മികരാകും. കെആർഎൽസിബിസി പ്രസിഡന്റും കോഴിക്കോട് ബിഷപ്പുമായ ഡോ. വർഗീസ് ചക്കാലക്കൽ വചനപ്രഘോഷണം നടത്തും. സീറോ മലങ്കര മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ മാർ ബസേലിയോസ് ക്ലീമീസ്, ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ഡോ. ലിയോപോൾദോ ജിറേല്ലി, തലശ്ശേരി ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി എന്നിവർ ആശംസകളർപ്പിക്കും. വിവിധ റീത്തുകളിൽ നിന്നായി നിരവധി മെത്രാന്മാർ സഹകാർമ്മികരാകും.

മോൺ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരിയെ 2024 ആഗസ്റ്റ് 15 നാണ് കണ്ണൂർ രൂപത സഹായ മെത്രാനായി ഫ്രാൻസിസ് പാപ്പ നിയമിച്ചത്. സഹായമെത്രാനെന്നനിലയിൽ മാക്കോമാദെസ് റുസ്തിക്കാന സ്ഥാനിക രൂപതയാണ് അദ്ദേഹത്തിന് നല്കിയിട്ടുള്ളത്.



കർത്താവേ, ഞാൻ തളർന്നിരിക്കുന്നു, എന്നോടു കരുണതോന്നണമേ!
കർത്താവേ, എന്റെ അസ്ഥികൾ ഇളകിയിരിക്കുന്നു, എന്നെ സുഖപ്പെടുത്തണമേ!
സങ്കീർത്തനങ്ങൾ 6 : 2

കോട്ടപ്പുറം രൂപതയിൽ നിന്നുള്ള എട്ടാമത്തെ മെത്രാനാണ്. 2021 മുതൽ മാൾട്ടയിലെ അപ്പസ്തോലിക്ക് ന്യുൺഷ്യേച്ചറിൽ ഫസ്റ്റ് അസിസ്റ്റന്റായി പ്രവർത്തിക്കുകയായിരുന്നു. 2001 മുതലാണ് വത്തിക്കാന്റെ നയതന്ത്ര വിഭാഗത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയത്. ആഫ്രിക്കയിലെ ബുറുണ്ടിയിലായിരുന്നു ആദ്യനിയമനം. പിന്നീട് ഗാബോൺ,ഈജിപ്ത്, ചെക്ക് റിപ്പബ്ലിക്ക്, തായ്‌ലൻന്റ്, യുഎസ് എന്നീ രാജ്യങ്ങളിലെ വത്തിക്കാൻ കാര്യാലയങ്ങളിൽ സേവനം ചെയ്തു.

ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ദൈവശാസ്ത്രത്തിലും കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് തത്വശാസ്ത്രത്തിലും ബിരുദവും റോമിലെ ഉർബൻ യൂണിവേഴ്സിറ്റി യിൽ നിന്ന് സ'ാനിയമത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്. 1991 ഡിസംബർ 23 ന് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറക്കലിൽ നിന്ന് വൈദീകപട്ടം സ്വീകരിച്ചു. കോട്ടപ്പുറം രൂപതയിലെ തുരുത്തിപ്പുറം സെൻറ് ഫ്രാൻസിസ് അസീസി പള്ളി സഹവികാരി, ഗോതുരുത്ത് – കടൽവാതുരുത്ത് ഹോളിക്രോസ് പള്ളി പ്രീസ്റ്റ് – ഇൻ– ചാർജ്, പുല്ലൂറ്റ് സെന്റ് ആൻറണീസ് പള്ളി വികാരി, കോട്ടപ്പുറം രൂപത മതബോധന ഡയറക്ടർ, കെസിഎസ്എൽ ഡയറക്ടർ, രൂപത ബുളറ്റിൽ ദിദിമോസിന്റെ ചീഫ് എഡിറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

പള്ളിപ്പുറം സെന്റ് മേരീസ് സ്കൂളിലെ പഠനത്തിനു ശേഷം എറണാകുളം സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ പ്രവേശിച്ചു. എറണാകുളം സെന്റ് ആൽബർട്ട്സ് ഹൈസ്ക്കൂളിൽ ഹൈസ്കൂൾ പഠനം നടത്തി. തുടർന്ന് കളമശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ താമസിച്ച് കളശേരി സെന്റ് പോൾസ് കോളജിൽ പ്രീഡിഗ്രി പഠനം പൂർത്തിയാക്കി.ആലുവ കാർമൽഗിരി, മംഗലപ്പുഴ സെമിനാരികളിലായിരുന്നു തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ .

കോട്ടപ്പുറം രൂപതയിലെ പള്ളിപ്പുറം മഞ്ഞുമാത ബസിലിക്ക ഇടവകയിൽ കുറുപ്പശ്ശേരി പരേതനായ സ്റ്റാൻലി – ഷേർളി ദമ്പതികളുടെ മകനായി 1967 ഓഗസ്റ്റ് നാലിനാണ് ജനനം. മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരിമാരുമുണ്ട്.





# മരണത്തിന്റെ ആയിരം മുഖങ്ങൾ



ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

**ചിത്രശലഭങ്ങൾക്ക് എണ്ണാൻ മാസങ്ങളില്ല, നിമിഷങ്ങളെയുള്ളൂ.
എന്നിട്ടും അവയ്ക്ക് വേണ്ടുവോളം സമയമുണ്ടല്ലോ**

(രവീന്ദ്രനാഥ ടാഗോർ)

**സാ**ങ്കേതിക വിദ്യകളുടെ വളർച്ചയോട് അനുബന്ധിച്ച് ശാസ്ത്രജ്ഞാനവും സമൂഹത്തിൽ വളരുമെന്നാണ് പൊതുവായി കരുതപ്പെടുന്നത്. എന്നാൽ നേരെ മറിച്ചാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹിക മാധ്യമങ്ങളിൽ പങ്കുവയ്ക്കപ്പെടുന്ന അറിവുകളെ നിരീക്ഷിച്ചാൽ അറിയാം എത്രമാത്രം അബദ്ധങ്ങളാണ്, യാഥാർത്യങ്ങൾ എന്നമട്ടിൽ നിർമിച്ചെടുത്തുകൊണ്ടിരിക്കുന്നത്...


കഴിഞ്ഞയിടെ ഉണ്ടായ ഒരു അനുഭവം പറയട്ടെ. നമ്മുടെ നാട്ടിൽ പട്ടിശല്യം കൂടി വരികയാണല്ലോ! മൃഗസ്നേഹം കൂടിയതുകൊണ്ട് ആക്രമണകാരികളായ പട്ടികളെ കൊന്നൊടുക്കുവാൻ നിയമവും അനുവദിക്കുന്നില്ല. ഭീതി വിതച്ചുകൊണ്ട് അവർ നമ്മുടെ പൊതുവിടങ്ങളിൽ സ്വൈര്യവിഹാരം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനൊരു ബദൽ മാർഗമായി നമ്മുടെ വീടുകളിൽ ചെയ്തുകൊണ്ടിരിക്കുന്ന പ്രതിവിധി എന്താണെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. കുപ്പിയിൽ നീലം കലക്കി വീടിന്റെ പുറത്ത് പലയിടങ്ങളിലായി വെക്കുന്നു. പട്ടി നീലം കലക്കിയ കുപ്പി കണ്ടാൽ ഓടും എന്നാണ് വിശ്വാസം. കഴിഞ്ഞ ദിവസം ഒരു വീട്ടിൽ ചെന്നപ്പോൾ നീലം കലക്കിയ കുപ്പിയുടെ സമീപത്തു കിടന്ന് പട്ടി സുഖമായി ഉറങ്ങുന്നു!

ആരാണ് നമ്മോട് നീലം കലക്കി നിറച്ച കുപ്പി കണ്ടാൽ പട്ടി പേടിക്കുമെന്ന് പറഞ്ഞു തന്നത്? ഇതിനു പിന്നിലുള്ള ശാസ്ത്രീയ യുക്തി എന്താണ്? പലരോടും ചോദിച്ചിട്ടുണ്ടെങ്കിലും ആർക്കും ഇതിന് വ്യക്തമായ ഉത്തരം തരാൻ സാധിച്ചിട്ടില്ല. എത്രയും പെട്ടെന്ന് ഉത്തരം കണ്ടെത്തേണ്ട ഗവേഷണ മേഖലയായി ഇതിനെ പ്രഖ്യാപിക്കേണ്ടതുണ്ട്.

കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ ശാസ്ത്രീയ എഴുത്തുകാർ അധികമുണ്ടെന്ന് തോന്നുന്നില്ല. ഉള്ളവർതന്നെ അക്കാദമിക തലങ്ങളിൽ മാത്രം വായിക്കപ്പെടുന്ന എഴുത്തുകാരാണ്. ഇതിനൊരു അപവാദം എന്നുപറയാവുന്നത് ജീവൻ ജോബ് തോമസ് ആണ്. എന്തുകൊണ്ട് ഈ എഴുത്തുകാരന്റെ പുസ്തകങ്ങൾക്ക് പ്രിയമേറുന്നു എന്ന് ചോദിച്ചാൽ അതിന് നൽകാവുന്ന ചെറിയൊരു നിരീക്ഷണം, ഗഹനമായ ശാസ്ത്രീയ വി

ചാരങ്ങളെ ലളിതവും സുന്ദരവുമായ വാക്കുകളിൽ അവതരിപ്പിക്കുവാൻ സാധിക്കുന്നു എന്നതാണ്.

ഈ മാസത്തെ വായന അനുഭവത്തിന്റെ വെളിച്ചത്തിൽ കുറിക്കുവാൻ തോന്നുന്നത് ജീവൻ ജോബ് തോമസിനെയാണ്. ഭിന്നമായ എഴുത്തു വഴികളിലൂടെയാണ് ഇദ്ദേഹത്തിന്റെ പ്രതി' വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്. നോവലിസ്റ്റ്, തിരക്കഥ രചയിതാവ്, ലേഖനകർത്താവ്, ശാസ്ത്രചിന്തകൻ എന്ന നിലകളിലൊക്കെ അദ്ദേഹത്തിന്റെ രചനകൾ വായനക്കാരെ വിസ്മയിപ്പിക്കുന്നു.




മരണഭയത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പുസ്തകമാണ് **മരണത്തിന്റെ ആയിരം മുഖങ്ങൾ** (ഡിസി ബുക്സ്, 2017 എഡിഷൻ). മരണവുമായി ബന്ധപ്പെട്ട എല്ലാ പഠനങ്ങളും മുന്നോട്ടു വയ്ക്കുന്ന ആശയങ്ങൾ മതം, ശാസ്ത്രം, തത്വചിന്ത എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. എന്നാൽ ശാസ്ത്രീയമായ അറിവുകളെ തത്വചിന്തയുമായി ബന്ധിപ്പിക്കുകയും പിന്നീട് ആ ചിന്തയെ സാമൂഹിക - രാഷ്ട്രീയ പ്രശ്നങ്ങളുമായി ചേർത്തു വായിക്കുകയും ചെയ്യുക എന്ന പുതിയ ആശയ പരിചരണ രീതിയാണ് ഈ പുസ്തകത്തിലൂടെനീളം സ്വീകരിക്കപ്പെട്ടിട്ടുള്ളത്. ഇതൊരു പുതിയ വായനാനുഭവം സമ്മാനിക്കുന്നുണ്ട്.

മനുഷ്യന്റെ ഏറ്റവും വലിയ ഭയമായ മരണഭയത്തിന്റെ സ്വഭാവം തിരയുക എന്നതാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ഈ പുസ്തകത്തിന്റെ ആദ്യഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയം അമരത്വത്തോടുള്ള മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹമാണ്. എന്തുകൊണ്ടാണ് മനുഷ്യർ ആത്മഹത്യ ചെയ്യുന്നത് എന്നത് ഏറ്റവും വലിയ ചോദ്യങ്ങളിൽ ഒന്നാണ്. ഈ ചോദ്യത്തിനുള്ള ഉത്തരം തേടലാണ് അടുത്ത ഭാഗത്ത്. ഇവിടെ ആത്മഹത്യയുടെ പാഠങ്ങൾ വിശദമായി ചർച്ച ചെയ്യുന്നു. വ്യക്തിപരമായ ആത്മഹത്യ എന്നതിനേക്കാൾ ശരീരത്തിലെ കോശങ്ങൾ ആത്മഹത്യ ചെയ്യുന്നതിലേക്ക് ഈ ചർച്ച വളരുന്നു. ഭക്ഷണത്തിന്റെ കുറവ് സൃഷ്ടിക്കുന്ന പ്രതിസന്ധിയെക്കാൾ കൂടുതൽ പട്ടിണിക്കാരനാണ് എന്ന തോന്നൽ സൃഷ്ടിക്കുന്ന മാനസിക സമ്മർദ്ദം നമ്മളെ രോഗിയാക്കും. ആ അവസ്ഥ നമ്മുടെ സർഗാത്മക സ്വഭാവത്തെ നശിപ്പിക്കുന്നു. ഈ മട്ടിലുള്ള ചിന്തകളിൽ നിന്നും സർഗാത്മകതയും മരണവും തമ്മിലുള്ള ശാരീരികവും തത്വചിന്താപരവുമായ ആശയങ്ങളിലേക്ക് ആണ് ഈ പുസ്തകം വീണ്ടും സഞ്ചരിക്കുന്നത്.

ശ്രേഷ്ഠമെന്ന് കരുതപ്പെടുന്ന ശാസ്ത്രം പോലും ഏറ്റവും ചെറിയ അഴിമതിക്ക് മുന്നിൽ തോറ്റുപോകുന്ന സാമൂഹിക സാഹചര്യമാണ് നമുക്കു മുൻപുള്ളത്. ഈ പറഞ്ഞ രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടി സയൻസിനെയും സാങ്കേതിക വിദ്യകളെയും പുനർ വായിക്കുന്ന അധ്യായങ്ങളാണ് പിന്നീടുള്ളത്. ആധുനിക സാങ്കേതികവിദ്യ എങ്ങനെയാണ് മനുഷ്യന്റെ ഭയത്തെ സ്വാധീനിക്കുന്നത് എന്ന് ഈ ഭാഗങ്ങളിൽ സൂക്ഷ്മമായി അവലോകനം ചെയ്യപ്പെടുന്നു.

മുൻപ് സൂചിപ്പിച്ചതുപോലെ ശാസ്ത്രീയ അറിവുകളെ തത്വചിന്തയുമായി ബന്ധിപ്പിക്കുകയും പിന്നീട് ആ ചിന്തയെ സാമൂഹിക - രാഷ്ട്രീയ പ്രശ്നങ്ങളുമായി ചേർത്തു വായിക്കുകയും ചെയ്യുമ്പോഴാണ് ഒരു വിഷയത്തെ സംബന്ധിച്ച സമഗ്രമായ കാഴ്ചപ്പാട് വികസിപ്പിക്കുവാൻ നമുക്കാവൂ. മരണത്തെ സംബന്ധിച്ച ഭയത്തിന്റെ പിൻബലത്തിൽ മനുഷ്യാവസ്ഥയെ കൂടുതൽ മനസ്സിലാക്കുവാനുള്ള ശ്രമം എന്ന നിലയിലാണ് ഈ പുസ്തകത്തെ സമീപിക്കേണ്ടത്. ■

*കരഞ്ഞുകരഞ്ഞു ഞാൻ തളർന്നു, രാത്രിതോറും ഞാൻ കണ്ണീരൊഴുക്കി,*
*എന്റെ തലയണ കുതിർന്നു, കണ്ണീരുകൊണ്ട് എന്റെ കിടക്ക നനഞ്ഞു.*
സങ്കീർത്തനങ്ങൾ 6 : 6

കത്തോലിക്കാ സഭയെ
അറിയാം... പഠിക്കാം...



# പരിശുദ്ധ മറിയവും സഭയുടെ പ്രബോധനങ്ങളും



**അനി ജോസഫ്, കൂട്ടുകാട്**

**പ**രിശുദ്ധ കന്യകാമറിയം ദൈവമാതാവ് അല്ലെന്ന നെസ്തോറിയൻ പാഷണ്ഡതക്കെതിരെ AD 431 ൽ വിശുദ്ധ സെലസ്റ്റിൻ ഒന്നാമൻ പാപ്പ വിളിച്ചുകൂട്ടിയ എഫേസോസ് സൂനഹദോസ് കന്യകാമറിയത്തിന്റെ ദൈവമാതൃത്വത്തെ പ്രഖ്യാപിച്ചുറപ്പിച്ചു. തുടർന്ന് രണ്ടാം ജോൺ പാപ്പ കാൽസിഡൻ സെനറ്റിന് അയച്ച കത്തിൽ മറിയത്തിന്റെ ദൈവമാതൃത്വം ആവർത്തിച്ചു പ്രഖ്യാപിക്കുകയും ചെയ്തു.

AD 553 ൽ വിജിലിയൂസ് പാപ്പ വിളിച്ചു ചേർത്ത രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് പരിശുദ്ധ മറിയം നിത്യകന്യക യാണെന്ന വിശ്വാസം ഔദ്യോഗികമായി പ്രഖ്യാപിച്ചു. 1854 ലെ 'ഇനെഫാബിലിസ് ദേവൂസ്' (വിവരണാതീതനായ ദൈവം) എന്ന തിരുവെഴുത്ത് വഴി പീയൂസ് 9-ാം പാപ്പ പരിശുദ്ധ മറിയത്തിന്റെ അമലോൽഭവം (പാപബന്ധമില്ലാതെ ജനിച്ചവൾ) സഭയുടെ വിശ്വാസ സത്യമായി ഔദ്യോഗികമായി പ്രഘോഷിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിലെ അവസാന ഘട്ടത്തിൽ രക്ഷാകര ദൗത്യത്തിലുള്ള പരിശുദ്ധ മറിയത്തിന്റെ പങ്കു വിശദീകരിച്ചു കൊണ്ട് ലിയോ പതിമൂന്നാമൻ പാപ്പ 'ഒക്ടോബ്രി മെൻസെ' (ഒക്ടോബർ മാസം) എന്ന ചാക്രിക ലേഖനം പുറപ്പെടുവിച്ചു. 1904 ൽ പത്താം പിയൂസ് പാപ്പയുടെ 'അദിയേം ഇല്ലും' (അമലോൽഭവത്തെക്കുറിച്ച്) എന്ന ചാക്രിക ലേഖനത്തിലൂടെ യേശുക്രിസ്തുവിന്റെ ബലിജീവിതത്തിൽ പരിശുദ്ധ മറിയത്തിന് വലിയ സ്ഥാനമുണ്ടെന്ന് പ്രബോധിപ്പിച്ചു. 1950 നവംബർ ഒന്നിന് പന്ത്രണ്ടാം പിയൂസ് പാപ്പ 'മുനി ഫിചെന്തെസ്സിമൂസ് ദേവൂസ്' (അനന്ത നൻമ സ്വരൂപനായ ദൈവം) എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ വിശ്വാസ സത്യത്തിലൂടെ പരിശുദ്ധ കന്യകയുടെ സ്വർഗ്ഗാരോപണം അസന്ദിഗ്ധമായി പ്രഖ്യാപിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ലുമെൻ ജെൻസിയം' എന്ന പ്രമാണരേഖയിലൂടെ മറിയം സഭാംഗങ്ങളുടെ മാതാവ്, ഉപാധികളില്ലാതെ ദൈവമാതൃത്വം വരിച്ചവൾ, ഈശോയോടൊപ്പം രക്ഷാകര കർമ്മത്തിൽ സഹകാരി, സഭയുടെ പ്രതീകം എന്നീ വിശേഷണങ്ങൾ പഠിപ്പിച്ചു. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ 1987 ലെ 'റിദെംപ്തോറിസ് മാത്തർ' (രക്ഷകന്റെ അമ്മ) എന്ന ചാക്രിലേഖനം പരിശുദ്ധ കന്യകയ്ക്ക് സഭയിലുള്ള സ്ഥാനം അടിവരയിട്ട് പ്രഖ്യാപിക്കുന്നു.

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പറയുന്നു, 'കന്യകാമറിയം പിതാവിന്റെ ഹിതത്തിനും അവിടുത്തെ പുത്രന്റെ രക്ഷാകര പ്രവർത്തിക്കും പരിശുദ്ധാത്മാവിന്റെ ഓരോ പ്രചോദനത്തിനും തികച്ചും വിധേയയായി നിന്നുകൊണ്ട് സഭയ്ക്കു വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും മാതൃകയായിരിക്കുന്നു' (CCC 967) ദൈവമാതാവായ പരിശുദ്ധ കന്യകയെ വണങ്ങുന്നതിലൂടെയും ആദരിക്കുന്നതിലൂടെയും യഥാർത്ഥത്തിൽ നാം യേശുനാഥനെ തന്നെയാണ് ആദരിക്കുന്നത്.

## അയൽക്കൂട്ടം

**മത്തായി 25 : 31 – 46**

# പ്രത്യാശയോടെ സ്നേഹത്തിലേക്ക്...



**ഫാ. തോമസ് ലിജു കപ്പൂച്ചിൻ**

**ഒ**രു മനുഷ്യായുസ്സിന്റെ അന്തിമദശയാണ് മരണമെന്ന് ചിന്തിക്കുന്നതാണ് നമ്മുടെ കാലത്തിന്റെ ഏറ്റവും വലിയ അപരാധം. മൃതിയെന്ന വാതിലിനപ്പുറം ഒരു ലോകമുണ്ടെന്ന് അറിയാത്തതിനാലാകണം മരണത്തോളംതന്നെ പഴക്കമുള്ള മരണഭയങ്ങൾക്ക് നമ്മുടെ മനസ്സിൽ മരണമില്ലാതെ പോയത്. ആധുനിക ലോകം ആസ്വാദനത്തിന്റെ പ്രേരണകളുമായി മുന്നിൽ വന്നു നിൽക്കുമ്പോൾ അതിൽ ആകുലതകൾക്ക് അടിസ്ഥാനമില്ലെന്നും ആത്മീയ അനിവാര്യതയില്ലെന്നും നാം നമ്മോടുതന്നെ യുക്തിവാദം നടത്തുന്നു. എങ്കിലും, ഒരു ദിവസം മരണത്തിനു കീഴടങ്ങേണ്ടി വരുമെന്ന വസ്തുത വല്ലാതെ ഉലച്ചുകളയുന്നുണ്ട് പലപ്പോഴും. മരണപ്പെട്ടുപോയ ഉറ്റവരുടെ സ്മൃതികൾ നമ്മുടെ മിഴികളെ ഈറനണിയിക്കാറുണ്ടെങ്കിലും മരണമെന്ന യാഥാർത്ഥ്യത്തിന്റെ അഗാധങ്ങൾ മനസ്സിലാക്കാൻ നാം ശ്രമിക്കാറില്ല. അതുകൊണ്ടുതന്നെ ഒരു ഓർമ്മക്കുർബാനയ്ക്കോ നവംബർ മാസത്തിന്റെ അപ്പുറത്തേയ്ക്ക് നമ്മുടെ മരണചിന്തകൾ കടക്കുന്നില്ല.

മരണാനന്തരം ഒരു വിധിയുണ്ടെന്നും വിധിക്കുശേഷം നിത്യമായ ഒരു ജീവിതമുണ്ടെന്നും നാം വിശ്വസിക്കണം. ജൂബിലി വർഷമായ 2025 ലേക്ക് നാം പ്രവേശിക്കാനൊരുങ്ങുമ്പോൾ ഈയൊരു ബോധ്യം നമ്മിൽ വെളിച്ചമാകേണ്ടതുണ്ട്. വിശ്വാസത്തിൽ നിന്നുയരുന്ന പ്രത്യാശയുടെ പൊൻകിരണങ്ങൾ നമ്മിൽ വെളിച്ചമാകേണ്ടതുണ്ട്. വർത്തമാനകാലത്തിൽ നാം അനുഭവിക്കുന്ന ദുരിതങ്ങളിലെ അതിജീവന സാധ്യതയെ കണ്ടെത്താൻ സഹായിക്കുക എന്നതാണ് ജൂബിലി വർഷാചരണത്തിലൂടെ ഫ്രാൻസിസ് പാപ്പാ ലക്ഷ്യം വയ്ക്കുന്നത്. ഭൗതികമായ പ്രതികൂലങ്ങളിൽ നിന്ന് ദൈവസ്നേഹം നിറഞ്ഞ ഭാവിയിലേക്ക് നാം നടത്തുന്ന പ്രത്യാശയുടെ ഈ തീർത്ഥാടന വേളയിൽ നിത്യതയെക്കുറിച്ചും നമ്മുടെ ഉറ്റവരുടെ ആത്മാക്കൾ അനുഭവിക്കുന്ന, ഒരു പക്ഷേ, നാം അനുഭവിക്കേണ്ടതുമായ ശുദ്ധീകരണത്തെപ്പറ്റിയും അല്പം ചിന്തിക്കാം.

### സ്വർഗത്തിൽ കാത്തിരിക്കുന്ന സ്നേഹം

നിത്യമായ ഒരു വേർപാട് എന്നതിലുപരി നമ്മെ സ്നേഹിക്കുന്ന ഈശോയുടെ സുദീർഘമായ ഒരു കാത്തിരിപ്പ് ഓരോ മരണത്തിനു പിന്നിലും ഉണ്ടെന്നു മനസ്സിലാക്കാൻ സാധിച്ചാൽ കുറച്ചുകൂടി ഉത്തമമായ ജീവിതം നയിക്കാൻ സാധിക്കും. 2023 ലെ ശാലോം ടൈംസ് മാസികയിലെ 'ശുദ്ധീകരണാത്മാവും ഈശോയും' എന്ന ആമുഖക്കുറിപ്പിൽ ഈശോയുടെ ഈ കാത്തിരിപ്പിനെക്കുറിച്ച് പറയുന്നുണ്ട്: "ആത്മാക്കളെ എന്റെ സിംഹാസനത്തിൽ ഇരുത്തി ആദരിക്കാനുള്ള തീവ്ര ആഗ്രഹത്തി

ലാണ് ഞാൻ അവരെ ഭൂമിയിൽ നിന്ന് തിരികെ വിളിക്കുന്നത്. ഭൂമിയിൽ നിന്നും പുറപ്പെട്ടിട്ടും എന്റെ മടിയിൽ എത്താൻ ആത്മാക്കൾ വൈകുന്നത് എനിക്ക് എത്ര വേദനാജനകമാണെന്ന് അറിയുമോ? എന്റെ മക്കളെ പിരിഞ്ഞിരിക്കുക എനിക് അസഹനീയമാണ്. ഞാൻ അവരെ ആകാംക്ഷയോടെ, അക്ഷമയോടെ കാത്തിരിക്കുകയാണ്." സ്വർഗ്ഗത്തിലെ ഈയൊരു ഉന്നതിയിലേക്കാണ് മരണത്തിലൂടെ യേശു നമ്മെ വിളിക്കുന്നത്. എല്ലാ മനുഷ്യരും തന്റെ രക്ഷയിലേക്ക് പ്രവേശിക്കണമെന്ന് ആഗ്രഹിക്കുന്ന ഈശോ, അന്തിവിധി നാളിൽ എല്ലാവരേയും തന്നിലേക്ക് അടുപ്പിക്കും. "അവന്റെ മുൻപിൽ എല്ലാ ജനതകളും ഒരുമിച്ച് കൂട്ടപ്പെടും" (മത്താ 25 : 32).

സ്വർഗത്തിൽ അവിടുത്തെ മടിയിൽ ആയിരിക്കാനുള്ള ഈ നിമിഷത്തിനു വേണ്ടി ഭൂമിയിലായിരിക്കുമ്പോൾത്തന്നെ ദൈവവുമായി ഒരു ഹൃദയബന്ധം സ്ഥാപിക്കണം. പ്രാർത്ഥനയിലൂടെ മാത്രമേ അതിനു സാധിക്കുകയുള്ളൂ. 2024 നെ ജൂബിലി വർഷത്തിനു മുന്നോടിയായുള്ള പ്രാർത്ഥനാവർഷമായി ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ജീവിതത്തിലെ ഓരോ നിമിഷവും പ്രാർത്ഥനയാക്കി മാറ്റാൻ ആത്മാർത്ഥമായി പരിശ്രമിക്കാം.

### ശുദ്ധീകരിക്കുന്ന സ്നേഹം

പക്ഷേ, ഒരു ആത്മാവ് ഈ ഉന്നതി പ്രാപിക്കണമെങ്കിൽ തെറ്റുകുറ്റങ്ങളുടെ ഒരു ചെറുകണിക പോലും ഉണ്ടാകാൻ പാടില്ല. പ്രാർത്ഥന പോലെതന്നെ പ്രധാനമാണത്. പാപത്തിൽ മരിക്കുന്ന ആത്മാവിനെ പാപത്തിന്റെ ഗൗരവം കണക്കിലെടുത്ത് അവിടുന്ന് ശുദ്ധീകരണ സ്ഥലത്തേക്ക് അയക്കുന്നു. ശുദ്ധീകരണ സ്ഥലത്തെക്കുറിച്ച് കത്തോലിക്കാസഭയുടെ യുവജനമതബോധന ഗ്രന്ഥം പഠിപ്പിക്കുന്നത്, അതൊരു സ്ഥലമല്ല മറിച്ച് ഒരു അവസ്ഥയാണ് എന്നാണ്. "ഒരു വ്യക്തി ദൈവകൃപാവരത്തിൽ മരിക്കുന്നു. എന്നാലും ദൈവത്തെ മുഖാമുഖം ദർശിക്കുന്നതിനു മുൻപ് വിശുദ്ധീകരണം ആവശ്യമാണ്. അങ്ങനെയെങ്കിൽ ആ വ്യക്തി ശുദ്ധീകരണ സ്ഥലത്താണ് (ശുദ്ധീകരണാവസ്ഥയിലാണ്) – യുക്യാറ്റ് Q.No. - 159. ഇതിനൊരു ഉദാഹരണം കൂടി സഭ നൽകുന്നുണ്ട്. പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞപ്പോൾ, കർത്താവ് പത്രോസിനെ നോക്കി. അപ്പോൾ "പത്രോസ് പുറത്തുപോയി കഠിന ദുഃഖത്തോടെ വിലപിച്ചു." ഇത് ശുദ്ധീകരണ സ്ഥലത്തായിരിക്കുന്നതുപോലുള്ള ഒരു അനുഭവമാണ്. ഇതുപോലുള്ളൊരു ശുദ്ധീകരണം മരണനിമിഷത്തിൽ നമ്മെയും കാത്തിരിക്കുന്നുണ്ടാകും. അതായത്, ഭൂമിയിൽ ആയിരുന്നപ്പോൾ ജീവിതത്തിലെ ഏതോ ഒരു കോണിൽ വച്ച് ദൈവത്തിൽ നിന്നും നാം അകന്നുപോയിട്ടുണ്ടാകാം. ദൈവത്തിൽ നിന്ന് അകലുക എന്നുപറയുമ്പോൾ അവിടുത്തെ സ്നേഹിക്കുന്നതിൽ നിന്നും പിന്തിരിയുക എന്നാണ് അർത്ഥമാക്കുന്നത്. ഭൂമിയിൽ വച്ചു നഷ്ടപ്പെട്ട ആ സ്നേഹത്തെക്കുറിച്ചുള്ള ബോധ്യത്തിൽ നിന്നുരുവാകുന്ന പശ്ചാത്താപമാണ് ശുദ്ധീകരണസ്ഥലത്തെ വേദന എന്നുപറയുന്നത്. സ്നേഹരാഹിത്യത്തിലെ തോതനുസരിച്ച് ഈ വേദനയുടെ തീവ്രതയിൽ ഏറ്റക്കുറച്ചിലുകളുണ്ടാകും. ശുദ്ധീകരണസ്ഥലത്ത് ഒരു ആത്മാവ് അനുഭവിക്കുന്ന ഏറ്റവും ചെറിയ വേദനപോലും മനുഷ്യന്റെ ബുദ്ധിക്ക് അഗ്രാഹ്യമാണ്. അത്രമേൽ വരണ്ടുപോയ ഇഹത്തിലെ സ്നേഹത്തെ വീണ്ടും നനച്ചു വളർത്താൻ ദൈവം നമുക്ക് ഒരുക്കിത്തന്ന അവസരമാണ് ഈ ജൂബിലി വർഷം. കുമ്പസാരത്തിലൂടെയും ഭക്തകൃത്യങ്ങളിലൂടെയും വിശുദ്ധിയിലും സ്നേഹത്തിലും ജീവിക്കുമ്പോൾ മരണശേഷം ശുദ്ധീകരണാവസ്ഥയിൽ നിന്ന് സ്വർഗ്ഗപ്രാപ്തിയിലേക്കുള്ള നമ്മുടെ ദൂരം ചെറുതാണ്.



കർത്താവിനോട് എന്റെ സങ്കേതവും എന്റെ കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയും.
സങ്കീർത്തനങ്ങൾ 91 : 2

**അപരനിൽ കാണേണ്ട ക്രിസ്തുസ്നേഹം**

ദൈവത്തോടുള്ള സ്നേഹത്തിന്റെ അഭാവം മാത്രമല്ല, നമ്മെപ്പോലെ സ്നേഹിക്കണമെന്ന് യേശു കല്പിച്ച നമ്മുടെ അയൽക്കാരനോടുള്ള സ്നേഹത്തിലെ കുറവും ശുദ്ധീകരണാവസ്ഥയ്ക്ക് നിദാനമാണ്. വിശക്കുന്നവനും ദാഹിക്കുന്നവനും നഗ്നനും രോഗിയും പരദേശിയും കാരാഗൃഹവാസിയുമൊക്കെയായി നമുക്കരികിലേക്കു കടന്നുവന്നവരെ തിരസ്കരിച്ചതിലൂടെ ക്രിസ്തുവിനെ കാണാതിരിക്കാൻ മാത്രം സ്നേഹത്തിൽ അന്ധത ബാധിച്ചവരായി നാം മാറിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് വി. യോഹന്നാൻ അപ്പസ്തോലൻ ഇപ്രകാരം പറയുന്നത്, "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹന്നാൻ 4 : 20) എന്ന്. അസ്സീസിയിലെ വി. ഫ്രാൻസിസ് സ്നേഹിക്കപ്പെടാതെപോയ സ്നേഹമേ എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് തെരുവിലൂടെ നടന്നതും അതുകൊണ്ടാണ്. ആത്മാവിൽ സംഭവിച്ച ഈ അന്ധത സുഖപ്പെടണമെങ്കിൽ നാം ക്രിസ്തുസ്നേഹത്തിലേക്ക് തിരിഞ്ഞേ മതിയാകൂ. അതോടൊപ്പം ചുറ്റുമുള്ള മനുഷ്യരെ നാം സ്നേഹിച്ചുതുടങ്ങുമ്പോൾ ശുദ്ധീകരണസ്ഥലത്തെ നമ്മുടെ ഉറ്റവരെ ദൈവം സ്നേഹംകൊണ്ട് ശുദ്ധീകരിക്കാൻ തുടങ്ങും. മനുഷ്യാത്മാക്കൾ വിശുദ്ധീകരിക്കപ്പെടുന്നത് ദൈവസ്നേഹാഗ്നിയിലാണെന്നാണ് ശുദ്ധീകരണസ്ഥലം സന്ദർശിച്ച ഫാത്തിമായിലെ സിസ്റ്റർ ലൂസി പറയുന്നത്. അങ്ങനെ ഭൂമിയിൽ നാം നൽകുന്നതും അനുഭവിക്കുന്നതുമായ ദൈവസ്നേഹം മരണത്തിനപ്പുറത്തേക്കും വ്യാപിക്കുന്നു. "ജീവിതസായാഹ്നത്തിൽ നാം സ്നേഹത്തെ അടിസ്ഥാനപ്പെടുത്തി വിധിക്കപ്പെടും എന്ന് കുരിശിന്റെ വി. യോഹന്നാന്റെ വാക്കുകളും നാം ഹൃദയത്തിൽ സൂക്ഷിക്കണം.

നിത്യതയുടെ സിംഹാസനത്തിൽ നമ്മെ ഉപവിഷ്ടരാക്കാൻ കാത്തിരിക്കുന്ന ഈശോയുടെ സ്നേഹത്തെ തിരിച്ചറിഞ്ഞ് അപരനിൽ ക്രിസ്തുവിന്റെ മുഖം ദർശിച്ച് ജീവിക്കാനാരംഭിക്കുമ്പോൾ മരണഭയം നമ്മിൽ നിന്നകന്നുപോകുന്നു. അവിടെ സ്നേഹം ജനിക്കുന്നു. "സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു" (1 യോഹന്നാൻ 4 : 18). സ്നേഹം നഷ്ടപ്പെടുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളല്ലാതെ ഈ ലോകത്ത് മറ്റൊന്നും പ്രത്യേകമായി സംഭവിക്കുന്നില്ല. വരാൻപോകുന്ന ജൂബിലി വർഷം സ്നേഹംകൊണ്ട് ആത്മാക്കളെ നേടുന്ന വർഷമായി നമുക്കോരോരുത്തർക്കും പരിണമിക്കട്ടെ. എല്ലാറ്റിനുമൊടുവിൽ സ്നേഹത്തിന്റെ പൂർണ്ണതയിൽ നിറഞ്ഞ ഒരു ആത്മാവിനായി അന്ത്യവിധിനാളിൽ അവിടുത്തെ വലത്തുവശത്ത് നിൽക്കാൻ നമുക്കു സാധിക്കണം. ഒരു ചെമ്മരിയാടിനെപ്പോലെ കർത്താവ് നമ്മോട് പറയും, "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്തായി 25:40).

**ചർച്ചയ്ക്ക്:**

1. *യേശുക്രിസ്തുവിന്റെ സ്നേഹം നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും എങ്ങനെ പ്രതിഫലിക്കുന്നു?*
2. *വിശുദ്ധിയുടെ ജൂബിലി വർഷം ആയിരിക്കാൻ പരസ്പര സ്നേഹം നമ്മെ എങ്ങനെയൊക്കെ സഹായിക്കും?*

**പ്രവർത്തനത്തിന്:**

1. *ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി എല്ലാ ദിവസവും കരുണയുടെ ജപമാല ചൊല്ലുക.*
2. *മാമ്മോദീസ സ്വീകരിക്കാതെ മരിച്ചുപോയ കുഞ്ഞുങ്ങൾക്കു വേണ്ടി കുർബാന ചൊല്ലിക്കുക.*

# രൂപത വാർത്തകൾ

## BCTC 2024 - LUX FIEDEI



2024-2025 അദ്ധ്യയന വർഷത്തെ BCTC - LUX FIEDEI കോട്ടപ്പുറം വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ വച്ച് 2024 ഒക്ടോബർ 12, 13 തിയ്യതികളിൽ നടത്തപ്പെടുകയുണ്ടായി. വിവിധ യൂണിറ്റുകളിൽ നിന്നായി 85 അദ്ധ്യാപകർ പങ്കെടുത്തു. രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. സിജോ വേലിക്കകത്തോട്ട് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. തുടർന്ന് രൂപതാ വികാരി ജനറൽ വെരി റവ. മോൺ. റോക്കി റോബി കളത്തിൽ മതബോധനത്തിന്റെ പ്രസക്തിയെക്കുറിച്ച് ക്ലാസ്സെടുത്തു. റവ. ഡോ. ഫ്രാൻസിസ്കോ പടമാടൻ, മീഡിയ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോൺ കപ്പിസ്താൻ ലോപ്പസ്, ബ്രദർ ബേബി, അഡ്വ. ഷൈജു ആന്റണി (കൊച്ചിൻ രൂപതാംഗം), ശ്രീ. അനി ജോസഫ് എന്നിവർ പ്രധാന ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സമാപന ദിവസം പരിശീലനം പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. രൂപതാ കോഡിനേറ്റർ ശ്രീ. തമ്പി അബ്രഹാം, സെക്രട്ടറി ബ്രദർ അഖിൽ ടോമി, ഓഫീസ് ഇൻ ചാർജ്ജ് ശ്രീമതി നിഷ സോജൻ, പ്രൊമോട്ടേഴ്സ് എന്നിവരുടെ സാന്നിദ്ധ്യവും സഹകരണവും ബിസിടിസിയുടെ നടത്തിപ്പിന് മികവേകി.




റവന്യൂ ജില്ല സ്കൂൾ കായികമേളയിൽ 100, 200, 400 മീറ്റർ വ്യക്തിഗത ഇനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി വ്യക്തിഗത ചാമ്പ്യനായ മാളപള്ളിപ്പുറം ഇടവകാംഗമായ സോണിയ ജോസഫിന് കോട്ടപ്പുറം രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ പി.എച്ച്ഡി ലഭിച്ച ഫ്രാൻസിസ് വരുൺ ജോയ് കൈമാതുരുത്തി. കോട്ടപ്പുറം രൂപതാ ഗോതുരുത്ത് ഇടവകാംഗമാണ്. കോട്ടപ്പുറം രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ഫാമിലി അപ്പസ്തോലേറ്റിന്റെ നവംബർ മാസത്തെ പരിപാടികൾ**

**8, 9 & 10 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**10-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)



തൻ്റെ തൂവലുകൾ കൊണ്ട് അവിടുന്നു നിന്നെ മറച്ചുകൊള്ളും; അവിടുത്തെ ചിറകുകളുടെകീഴിൽ നിനക്ക് അഭയം ലഭിക്കും; അവിടുത്തെ വിശ്വസ്തത നിനക്കു കവചവും പരിചയും ആയിരിക്കും. സങ്കീർത്തനങ്ങൾ 91 : 4

## മാതൃവിദ്യാലയത്തിനായി ശാസ്ത്രലോകമൊരുക്കി പൂർവ്വവിദ്യാർത്ഥികൾ മാതൃകകളായി

പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾക്കായി ശാസ്ത്ര ലോകം എന്ന പേരിൽ സയൻസ് ലാബ് നവീകരിച്ചു നൽകി പൂർവ്വ വിദ്യാർത്ഥികൾ മാതൃകകളായി. വിദ്യാലയത്തിലെ 1988 ബാച്ചിലെ പത്താം ക്ലാസ് വിദ്യാർത്ഥികളാണ് ഈ ശാസ്ത്രലോക മൊരുക്കിയത്. വിദ്യാർത്ഥികളിൽ ശാസ്ത്ര ബോധവും താൽപ്പര്യവും വളർത്തി ശാസ്ത്ര പഠനത്തോട് കൂടുതൽ അടുപ്പിക്കുക എന്ന ലക്ഷ്യം മുൻ നിറുത്തിയാണ് ഇത്തരം ഒരു ഉദ്യമത്തിന് പൂർവ്വ വിദ്യാർത്ഥികൾ തയ്യാറായത്. ശാസ്ത്രലോകത്തിന്റെ ഉദ്ഘാടനം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമണി അജയൻ നിർവഹിച്ചു. കോട്ടപ്പുറം രൂപത കോർപറേറ്റ് എഡ്യുക്കേഷനൽ ഏജൻസി ജനറൽ മാനേജർ റവ.ഫാ. സിബിൻ കല്ലറക്കൽ മുഖ്യപ്രഭാഷണം നടത്തി.

## സാൻജോ മീറ്റ്



കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്ക് വേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) കുരുവിളശ്ശേരി നിത്യസഹായമാതാ ദൈവാലയം, കൂട്ടുകാട് ലിറ്റിൽ ഫ്ളവർ ദൈവാലയം, തൃശ്ശൂർ സേക്രട്ട് ഹാർട്ട് ദൈവാലയം എന്നിവിടങ്ങളിൽ നടത്തപ്പെട്ടു.

## ജനജാഗരം നടത്തപ്പെട്ടു




കെ.ആർ.എൽ.സി.സി. യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ നടക്കുന്ന ജനജാഗര സമ്മേളനങ്ങളുടെ കോട്ടപ്പുറം രൂപതാതല ഉദ്ഘാടനം മതിലകം സെന്റ് ജോസഫ് പള്ളിയിൽ നടന്നു. കോട്ടപ്പുറം രൂപത ചാൻസിലർ റവ. ഫാ. ഷാബു കുന്നത്തൂർ ഉദ്ഘാടനം ചെയ്തു. മതിലകം സെന്റ് ജോസഫ് പള്ളി വികാരി ഫാ. ഷൈജൻ കളത്തിൽ അധ്യക്ഷത വഹിച്ചു. കെ.ആർ.എൽ.സി.സി. വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ്, കോട്ടപ്പുറം രൂപത ബി.സി.സി. ഡയറക്ടർ ഫാ. നിമിഷ് അഗസ്റ്റിൻ കാട്ടാശ്ശേരി, മതിലകം സെന്റ് ജോസഫ് പള്ളി സഹവികാരി അനീഷ് പുത്തൻപറമ്പിൽ, മതിലകം ഇടവക കേന്ദ്ര സമിതി പ്രസിഡണ്ട് ഷാജു പടമാടൻ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ക്ലാസ്സുകൾക്ക് ജോസഫ് ജൂഡ്, ജെസ്സി ജെയിംസ് എന്നിവർ നേതൃത്വം നൽകി.

## മികച്ച ട്രെയിനികൾക്കുള്ള പുരസ്കാരം



കോട്ടപ്പുറം കിഡ്സ് പ്രൈവറ്റ് ഐടിഐ യിൽ 2024 ഓഗസ്റ്റിൽ വിജയികളായവരുടെ Convocation Ceremony ഉദ്ഘാടനവും മികച്ച ട്രെയിനികൾക്കുള്ള പുരസ്കാര വിതരണവും സർട്ടിഫിക്കറ്റ് വിതരണവും ഒക്ടോബർ 16ന് രാവിലെ 11 മണിക്ക് കിഡ്സ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിൽ നിർവഹിച്ചു. ചടങ്ങിൽ ഫാ. ബിയോൺ തോമസ് (കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ) അധ്യക്ഷപദം അലങ്കരിച്ചു. കിഡ്സ് അസിസ്റ്റൻറ് ഡയറക്ടർ ഫാ. എബിനേസർ ആന്റണി, സ്റ്റെല്ല മാരീസ് കോളേജ് സി ഇ ഒ പ്രൊഫ. ഡോ. സോമശേഖരൻ ഉണ്ണി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ഐ.ടി.ഐ പ്രിൻസിപ്പാൾ ശ്രീ. വർഗീസ് സർ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു..ഐടിഐ സ്റ്റാഫ് അംഗങ്ങൾ, ട്രെയിനീസ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

## സമർത്ഥ് ട്രെയ്നിംങ് പ്രോഗ്രാം




കേന്ദ്ര വസ്ത്രമന്ത്രാലയം തൃശ്ശൂർ ഹാൻഡി ക്രാഫ്റ്റ്സ് സർവ്വീസ് സെന്ററും കോട്ടപ്പുറം കിഡ്സിന്റെയും സംയുക്ത സഹകരണത്തോടെ സമർത്ഥ് ട്രെയ്നിംങ് പ്രോഗ്രാം ആരംഭിച്ചു. തഴപ്പായ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടിയുടെ ഭാഗമായ നാലാം ബാച്ചിലെ പരിശീലന പരിപാടിക്കാണ് തുടക്കം കുറിച്ചത്. പ്രസ്തുത പരിപാടിയിൽ കിഡ്സ് അസി. ഡയറക്ടർ റവ. ഫാ. എബ്നേസർ ആന്റണി കാട്ടിപ്പറമ്പിൽ അദ്ധ്യക്ഷനായിരുന്നു. ഹാൻഡി ക്രാഫ്റ്റ്സ് സർവ്വീസ് സെന്റർ ഓഫീസർ ശ്രീമതി അൽക്ക ടി.ജെ. ഉദ്ഘാടനവും ചെയ്തു. കിഡ്സ് അസി. ഡയറക്ടർ റവ. ഫാ. ബിയോൺ തോമസ് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സമർത്ഥ് മാസ്റ്റർ ട്രെയ്നർ ശ്രീമതി മേരി ജോഷി സ്വാഗതവും ഹാൻറി ക്രാഫ്റ്റ് ഡിപ്പാർട്ട്മെൻറ് കോ- ഓഡിനേറ്റർ കുമാരി. അനില തോമസ് നന്ദിയും പറഞ്ഞു.



ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും
നട്ടുച്ചയ്ക്കു വരുന്ന വിനാശത്തെയും നീ പേടിക്കേണ്ടാ.
സങ്കീർത്തനങ്ങൾ 91 : 6

# തീറുവാങ്ങിയ ഭൂമിയിൽ നിന്നും മുനമ്പം കടപ്പുറം നിവാസികളെ കുടിയിറക്കാൻ അനുവദിക്കില്ല: സി. എസ്സ്. എസ്സ് കോട്ടപ്പുറം രൂപത



പതിറ്റാണ്ടുകളായി പൂർവ്വീകർ പണം കൊടുത്തു വാങ്ങിയ ഭൂമിയിൽ മുന്നു നാലും തലമുറകളായി താമസിക്കുന്ന മുനമ്പം കടപ്പുറം നിവാസികളെ കുടിയിറക്കാൻ അനുവദിക്കില്ലെന്ന് കോട്ടപ്പുറം രൂപത ക്രിസ്ത്യൻ സർവ്വീസ് സൊസൈറ്റി പ്രതിഷേധ കൺവെൻഷൻ അഭിപ്രായപ്പെട്ടു. മഞ്ഞുമാത ബസിലിക്ക റെക്ടർ റവ. ഡോ. ആന്റണി കുരിശിങ്കൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജിസ്മോൻ ഫ്രാൻസീസ് അദ്ധ്യക്ഷതവഹിച്ചു. കോട്ടപ്പുറം രൂപത സ്പിരിചൽ ഡയറക്ടർ ഫാ. ബാബു മുട്ടിക്കൽ മുഖ്യപ്രഭാഷണം നടത്തി. ദേശീയ ജനറൽ സെക്രട്ടറി ജോജോ മനക്കിൽ വിഷയാവതരണം നടത്തി. കറുത്തേടം സർവ്വീസ് സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് ബിജു തുണ്ടിയിൽ മെമ്പർഷിപ്പ് വിതരണം നടത്തി. റൈജു രണ്ടുതൈക്കൽ, റോയ് മുനമ്പം, സോഫി ജോജോ, ജോൺസൺ കൂട്ടുകാട് എന്നിവർ പ്രസംഗിച്ചു.

# സൗജന്യ നേത്ര പരിശോധന തിമിര ശസ്ത്രക്രിയ ക്യാമ്പ്




കോട്ടപ്പുറം ഇൻഗ്രേറ്റഡ് ഡെവലപ്പ്മെൻറ് സൊസൈറ്റി (കിഡ്സ്), മേത്തല കിഡ്സ് ഫെഡറേഷൻ, ദി ഐ ഫൗണ്ടേഷൻ സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റൽ ഇടപ്പിള്ളി എന്നിവർ സംയുക്തമായി സംഘടിപ്പിച്ച സൗജന്യ നേത്ര പരിശോധന തിമിര ശസ്ത്രക്രിയ ക്യാമ്പ് 2024 ഒക്ടോബർ 19-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് മേത്തല സെൻറ് ജൂഡ് പള്ളി പാരീഷ്ഹാളിൽ വെച്ചു നടന്നു. ക്യാമ്പ് സെൻറ് ജൂഡ് പള്ളി വികാരി യും ഫൊറോന വികാരിയുമായ വെരി റവ. ഫാ. ജോസഫ് ഒളാട്ടുപ്പുറം ഉദ്ഘാടനം നിർവ്വഹിച്ചു. കിഡ്സ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ അദ്ധ്യക്ഷനായിരുന്നു. കൊടുങ്ങല്ലൂർ മുൻസിപാലിറ്റി കൗൺസിലർ ഷീല പണിക്കശ്ശേരി, കിഡ്സ് അസി. ഡയറക്ടർ റവ. ഫാ. ബിയോൺ തോമസ് കോണത്ത്, അമൽ ജോയ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കിഡ്സ് കോ-ഓഡിനേറ്റർ ഗ്രേയ്സി ജോയ് സ്വാഗതവും കിഡ്സ് ആനിമേറ്റർ മോളി ജോസഫ് നന്ദിയും പറഞ്ഞു. 300 ൽ അധികം ആളുകൾ ക്യാമ്പിൽ പങ്കെടുത്തു.

## പിതാവിന്റെ ഡയറി –നവംബർ 2024

| | | | |
|---|---|---|---|
| 01-11-2024 | Friday | 3.30 pm | Snehalaya Convent |
| 01-11-2024 | Friday | 5.30 pm | Mass at Cathedral |
| 10-11-2024 | Sunday | 3.00 pm | Episcopal Ordination at Kannur |
| 14-11-2024 | Thursday | 10.30am | Mass at Thuruthur |
| 16-11-2024 | Saturday | 4.00 pm | Blessing of new church at Ayyamppilly (OCD House) |
| 17-11-2024 | Sunday | 12.00 pm | Bible Convention at Assisibhavan, Puthenvelikkara |
| 17-11-2024 | Sunday | 5.30 pm | Mass at St Rockey Church, Pallipuram |
| 18-11-2024 | Monday | | KRLCBC meeting at Archdiocese House at Verapoly |
| 19-11-2024 | Tuesday | | Episcopal Commission Visit at Carmelgiri |
| 20-11-2024 | Wednesday | 9.30am | Priests'Living Together at PACS |
| 21-11-2024 | Thursday | | Priests'Living Together at PACS |
| 24-11-2024 | Sunday | 9.30 am | Mass at Krishnankotta |
| 24-11-2024 | Sunday | 3.00 pm | Maliankara Pigrimage |
| 28-11-2024 | Thursday | 5.00 pm | Don Bosco Nursing School Alumni Day |
| 29-11-2024 | Friday | | St Sebastian School Jubilee Meeting at Gothuruth |
| 30-11-2024 | Saturday | 5.30pm | Mass at Vimalagiri Church, Kottayam |


മൂത്തേടൻസ്

WELDING WORKS

Our team is multi-skilled
experienced & certified technicians,
We offering the welding works.
In the limited time with
accuracy and responsibily

Contact me : Ebin
7306918363

WE OFFER
- ROOF WORKS
- GATE & GRILL
- PIPE WELDING
- FISH CAGE
- CHINESE NETWORKS











# മുനമ്പം : വഖഫ് അധിനിവേശത്തെ ചെറുക്കുക

**ഫാ. ജോസഫ് കുന്നത്തൂർ**

തലമുറതലമുറയായി മുനമ്പം പ്രദേശത്ത് അധിവസിച്ചിരുന്ന ജനങ്ങൾക്ക് ഭൂമി കൈവശം വയ്ക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും അവകാശമുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞവർഷം ഒരു സുപ്രഭാതത്തിൽ തികച്ചും അപ്രതീക്ഷിതമായി വഖഫ് നിയമങ്ങൾ ഒരു ശനിപാതം പോലെ ജനങ്ങളുടെമേൽ നിപതിച്ചു. ഭൂനികുതി അടയ്ക്കാൻ ചെന്നവർക്ക് സാധിക്കാതെ വന്നപ്പോഴാണ് പ്രശ്നത്തിന്റെ ഗൗരവും ജനങ്ങൾ തിരിച്ചറിഞ്ഞത്. തലമുറകളായി തങ്ങൾ വസിക്കുന്ന ഭൂമിയുടെ മേൽ വഖഫ് ബോർഡ് അവകാശവാദം ഉന്നയിച്ചിരിക്കുന്നു. 1902 ൽ രാജാവ് സാമൂഹ്യവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി ആ പ്രദേശത്തെ ഭൂമി ഒരു മുസൽമാന് ദാനമായി കൊടുത്തുവത്രേ. ഈ ഭൂപ്രദേശം പിന്നീട് സിദിക് എന്ന വ്യക്തിയുടെ കൈവശം വന്നുചേരുകയും 1948 ൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി ഫറൂക്ക് കോളേജിന് എഴുതിക്കൊടുക്കുകയും ചെയ്തു. അതിൽ വഖഫ് എന്ന പദം രേഖയിൽ അബദ്ധവശാൽ കടന്നുവന്നു. പിന്നീട് ഈ ഭൂമി അന്യാധീനപ്പെടുകയും കോളേജിന്റെ പക്കൽ നിന്നും മറ്റു വ്യക്തികളിൽ നിന്നും ഭൂമി പണം കൊടുത്തു വാങ്ങിയവരുടെ പിൻഗാമികളാണ് ഇപ്പോൾ ഇവിടെയുള്ളത്. ഈ ഭൂമി കുറെയൊക്കെ കടലെടുത്തു പോകുകയും ചെയ്തിട്ടുണ്ട്. ഭൂപ്രദേശത്തിന് കുറെയധികം മാറ്റം വന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ വഖഫ് ഉന്നയിച്ചിരിക്കുന്ന അവകാശം സുതാര്യമല്ല എന്നു വ്യക്തമാണ്. കേവലം ആധാരം എഴുത്തുകാരന്റെ അജ്ഞതമൂലം കടന്നുകൂടിയ വഖഫ് എന്ന ഒരു വാക്കിൽ പിടിച്ച് അവകാശവാദം ഉന്നയിക്കുന്നത് അധിനിവേശ സ്വഭാവമാണ്. അറുന്നൂറിലധികം വീടുകളാണ് കുടിയിറക്കു ഭീഷണി നേരിടുന്നത്. 1954 ൽ പാർലിമെന്റ് വഖഫ് നിയമം പാസ്സാക്കി. മുസ്ലീം വിഭാഗത്തിന്റെ മതപരവും സാമൂഹ്യപരവുമായ പ്രവർത്തനങ്ങളെ സഹായിക്കുവാനാണ് ഈ നിയമം കൊണ്ടുവന്നത്. പിന്നീട് 1995 ലും 2013 ലും പാർലിമെന്റ് പാസ്സാക്കിയ വഖഫ് നിയമഭേ



ദഗതികളാണ് ഈ നിയമത്തിന് പല്ലും നഖവും നൽകിയതും കിരാത നിയമങ്ങളായി പരിണമിച്ചതും. അതോടെ ചാരിറ്റിയിൽ ആരംഭിച്ച് പിടിച്ചുപറിയിൽ അവസാനിക്കുന്നതായി ഈ നിയമങ്ങൾ. 1995 ലെ ഭേദഗതിയനുസരിച്ച് ഒരു വസ്തു അവരുടേതാണെന്ന് സ്വയം തീരുമാനിക്കുവാനുള്ള അവകാശം വഖഫ് ബോർഡിനു ലഭിച്ചു. ഏതെങ്കിലും ഒരു ഭൂമി അവരുടേതാണെന്നു തോന്നിയാൽ രജിസ്ട്രാറെ അറിയിച്ചാൽ മാത്രം മതി; അതോടെ ഭൂമിയുടെ അവകാശം അവരുടേതായി മാറുന്നു. നിലവിൽ ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ അവകാശം സ്ഥാപിച്ചെടുക്കേണ്ടത് അവരുടെ തന്നെ ഉത്തരവാദിത്വമായി മാറുന്നു. വിചിത്രമായ ഈ നിയമമാണ് ഡെമോക്ലീസിന്റെ വാൾ പോലെ മുനമ്പത്തെ ജനതകളുടെ മേൽ പതിച്ചിരിക്കുന്നത്. മാത്രമല്ല, ഈ നിയമമനുസരിച്ച് വഖഫ് ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ സിവിൽ കോടതിയുടെ തീരുമാനത്തിന് തുല്യമായി മാറി. ഇതിനെതിരെ സിവിൽ കോടതികളിൽ അപ്പീൽ പോകുവാനും സാധ്യമല്ല. അപ്പീൽ വേണമെങ്കിൽ ട്രിബ്യൂണലിനെത്തന്നെ സമീപിക്കണം. ഫലത്തിൽ സിവിൽ കോടതികൾ വഖഫ് ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്ന ദാസ്യവൃത്തിക്കാരായി പരിണമിച്ചു. മാത്രമല്ല നിലവിലുള്ള ഏതുനിയമത്തെയും ഈ നിയമത്തിനു മറികടക്കുവാൻ കഴിയും. 2013 ലെ ഭേദഗതിയനുസരിച്ച് വഖഫ് ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സിവിൽ സംവിധാനങ്ങളുടെ ഉത്തരവാദിത്വമായി മാറി. ഫലത്തിൽ ഇന്ത്യയുടെ ഭരണഘടനയും ഗവൺമെന്റും വഖഫ് ബോർഡിന് പണയം വച്ച അപകടകരമായ സാഹചര്യമാണ് സംജാതമായിരിക്കുന്നത്. ഈ സ്ഥിതിവിശേഷം മറികടക്കുവാൻ കേന്ദ്രഗവൺമെന്റ് പുതിയൊരു ഭേദഗതി കൊണ്ടുവരാൻ ഒരുങ്ങുകയാണ്. എന്നാൽ കേരളനിയമസഭ ഇതിനെതിരായി പ്രമേയം പാസ്സാക്കിയിരിക്കുകയാണ്. ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചു ചേർന്നുകൊണ്ട് കേരളത്തിലെ ജനങ്ങളെ വഞ്ചിച്ചിരിക്കുകയാണ്. ഇവിടെ മുസ്ലീം മാത്രമല്ല, മറ്റു ജനവിഭാഗങ്ങളും ജീവിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം ഇരുകൂട്ടരും മറന്നുപോയെങ്കിൽ ജനങ്ങൾ തന്നെ അത് അവരെ ഓർമ്മിപ്പിക്കേണ്ടിവരും.






നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല;
ഒരനർഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല.
സങ്കീർത്തനങ്ങൾ 91 : 10



മടപ്ലാതുരുത്ത്

സെന്റ് ജോർജ്ജ് ഇടവകയുടെ നേതൃത്വത്തിൽ

കോട്ടപ്പുറം രൂപത നടത്തുന്ന

# ഓൾ കേരള ദൈവദാസൻ പാണ്ടിപ്പിള്ളി ക്വിസ്

2024 ഡിസംബർ 15 ഞായർ 3.00 pm

**മടപ്ലാതുരുത്ത് സെന്റ് ജോർജ്ജ് പള്ളി ഓഡിറ്റോറിയം**

**1 സമ്മാനം** ₹ 20000 + സർട്ടിഫിക്കറ്റ്

(*Spon*: കുര്യപറമ്പിൽ മേരി ആൻ രാഗേഷ്)

രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **നവംബർ 30**

ഓരോ ഇടവകയിൽ നിന്നും രണ്ട് പേരടങ്ങുന്ന ടീമുകളാണ് പങ്കെടുക്കേണ്ടത്.

**2 സമ്മാനം** ₹ 15000 + സർട്ടിഫിക്കറ്റ്

(*Spon*: മനക്കിൽ കിഷോർ തോമസ് )

**3 സമ്മാനം** ₹ 10000 + സർട്ടിഫിക്കറ്റ്

(*Spon*: കാനപ്പിള്ളി ആന്റണി)

സമ്മാനങ്ങൾ അനുസ്മരണദിനമായ ഡിസംബർ 26-ന് നല്കുന്നതായിരിക്കും.

**Contact No: 7034903733, 8281420078**

Office time: 10.00 am to 5.00 pm (Thursday & Sunday holidays)





# സമ്പാളൂർ
# വി. ഫ്രാൻസിസ് സേവ്യറിന്റെ
# തീർത്ഥാടന ദൈവാലയത്തിൽ
# മധ്യസ്ഥ തിരുനാൾ

## 2024 ഡിസംബർ 4 മുതൽ 8 വരെ

**ബൈബിൾ കൺവെൻഷൻ 2024**

2024 നവംബർ 20 ബുധൻ മുതൽ
24 ഞായർ 4:30 pm - 9:00 pm



ഉദ്ഘാടനം
അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ്
(മുവാറ്റുപുഴ ഭദ്രാസന മുൻ മെത്രാപോലീത്ത)

**അനുഗ്രഹീത സാന്നിധ്യം**







| | |
|---|---|
| നവനാൾ | 2024 നവംബർ 25 മുതൽ ഡിസംബർ 3 വരെ |
| തിരുനാൾ കൊടിയേറ്റം | 2024 ഡിസംബർ 4 ബുധൻ |
| ഊട്ടുതിരുനാൾ | 2024 ഡിസംബർ 5 വ്യാഴം |
| പ്രസുദേന്തിവാഴ്ച ദിനം | 2024 ഡിസംബർ 7 ശനി |
| വിശുദ്ധന്റെ തിരുനാൾ | 2024 ഡിസംബർ 8 ഞായർ |
| എട്ടാമിടം | 2024 ഡിസംബർ 13,14,15 |
| പതിനഞ്ചാമിടം | 2024 ഡിസംബർ 21,22 |



സെന്റ് ജോൺ ബ്രിട്ടോ



ഫാ. ജോസഫ് കോൺസ്റ്റന്റയിൻ ബക്സി



ഫാ. അർണോസ് പാതിരി

**ഏവർക്കും സ്വാഗതം**

ഫാ. ജോൺസൺ പങ്കേത്ത്
(വികാരി)

ഫാ. റെക്സൻ പങ്കേത്ത്
(സഹവികാരി)

## തിരുക്കർമ്മ സമയം : സാധാരണദിനങ്ങളിൽ

ഞായർ ദിവ്യബലി 6.15 am, 8.30 am, 5.00 pm (English)

തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6, 7 ദിവ്യബലി

ശനി (വിശുദ്ധന്റെ ദിനം) രാവിലെ 6.30 നും 10 നും വൈകീട്ട് 5.30 നും ദിവ്യബലി, നൊവേന, ആരാധന, നേർച്ചഭക്ഷണം

കാടുകുറ്റി കുരിശുപള്ളി : ഞായർ ദിവ്യബലി 10.45 തിങ്കൾ മുതൽ വെള്ളി വരെ ദിവ്യബലി 7.45 am